**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം നഗരസഭയിലെ റവന്യൂ വിഭാഗത്തിൽ യു. ഡി ക്ലാർക്ക് ശ്രീമതി കെ.എൽ.സരസ്വതി -അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 595/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.03.2013 തീയതിയിലെ ഇ 1(വിഇ 10/2004/റ്റിവിഎം) 18940/2004 നം. കത്ത്

2. സർക്കാരിന്റെ 08.05.2014 തീയതിയിലെ 43674/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 17.01.2019 തീയതിയിലെ വി1- 8754/2014 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ റവന്യൂ വിഭാഗത്തിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ശ്രീ ജി രമേശൻ, ഡോ.ബിനു രമേഷ്, ശ്രീമതി ഇന്ദിരാദേവി എന്നിവരുടെ കെട്ടിടത്തിലെ ശൂന്യസ്ഥലത്തിനുള്ള കെട്ടിട നികുതി ഒഴിവാക്കികൊടുത്തതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചു എന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാമർശം ഒന്നിലെ വിജിലൻസ് ഡയറക്ടർ ശുപാർശ പ്രകാരം ആയതിന് ഉത്തരവാദിയായ യു. ഡി ക്ലാർക്കായിരുന്ന ശ്രീമതി കെ.എൽ.സരസ്വതി എന്ന ജീവനക്കാരിക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോക്ക് ശ്രീമതി ശ്രീമതി കെ.എൽ.സരസ്വതി സമർപ്പിച്ച മറുപടിയിന്മേൽ നഗരസഭ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി കെ.എൽ സരസ്വതി സമർപ്പിച്ച മറുപടിയിൽ കോർപ്പറേഷനിലെ റവന്യൂ ഓഫീസർ ശ്രീ ചന്ദ്രശേഖരൻ എന്ന ജീവനക്കാരൻ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും, ആയതിനാൽ റവന്യൂ റമിഷന് അതിലെ അപേക്ഷകർക്ക് അർഹതയുണ്ടെന്നും ആയതിന് ശുപാർശ ചെയ്യണമെന്നും നിർബന്ധിച്ചിട്ടുള്ളതായി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഉള്ള പക്ഷം വേക്കൻസി റെമിഷൻ അനുവദിക്കാവുന്നതാണെന്ന് കുറിപ്പ് എഴുതിയിട്ടുള്ളതും റവന്യൂ ഓഫീസർ ടിയാരിയുടെ മേലുദ്യോഗസ്ഥനായതിനാൽ ടിയാൾ

നിർദ്ദേശിക്കുന്നതുപ്രകാരം പ്രവർത്തിച്ചില്ലെങ്കിൽ ടിയാൾക്ക് തൊഴിൽപരമായി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുള്ളതാണെന്നും വകുപ്പിന് ദോഷം വരുന്ന ഒരു സംഭവത്തിലും ടിയാൾ ഏർപ്പെട്ടിട്ടില്ലാത്തതുമാണെന്നും ടിയാളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മാപ്പാക്കിത്തരണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു .

3. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി സരസ്വതിയുടെ മറുപടിയും ബന്ധപ്പെട്ട ഫയലും പരിശോധിച്ച് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ ടി കെട്ടിടങ്ങൾക്ക് നൽകിയിരുന്ന വേക്കൻസി റെമിഷൻ റദ്ദ് ചെയ്തിട്ടുള്ളതും ടി കാലയളവിലെ വസ്തു നികുതി ഒടുക്കിയിട്ടുള്ളതുമാണെന്നും ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടില്ലായെന്നും രേഖപ്പെടുത്തിയിരിയ്ക്കുന്നു. ശ്രീമതി സരസ്വതിയുടെ മറുപടിയിൽ മേലുദ്യോഗസ്ഥനായ റവന്യൂ ഓഫീസറുടെ നിർബന്ധപ്രകാരമാണ് കുറിപ്പ് ഫയൽ എഴുതിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി കെ.എൽ സരസ്വതി റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പരിശോധിക്കാതെ അനധികൃതമായി റവന്യൂ റമിഷൻ അനുവദിച്ചിട്ടുള്ളത് തികഞ്ഞ കൃത്യവിലോപവും നിരുത്തരവാദിത്തപരവുമാണെന്നും ആയത് മേലുദ്യോഗസ്ഥന്റെ നിർദ്ദേശ പ്രകാരമോ നിർബന്ധപ്രകാരമോ ആയിരുന്നുവെന്നത് ടി കുറ്റം മാപ്പാക്കുന്നതിന് തക്ക കാരണമാകുന്നില്ലായെന്നും ഇത്തരം പ്രവൃത്തികൾ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന വിധത്തിലുള്ള ഗുരുതരമായ ക്രമക്കേടായി വിലയിരുത്തുന്നതായും, നിലവിൽ വസ്തു നികുതി ഈടാക്കി സാമ്പത്തികനഷ്ടം ഒഴിവാക്കിയിട്ടുള്ളതാണ് എങ്കിലും കൃത്യനിർവ്വഹണത്തിലെ ഉത്തരവാദിത്തത്തിൽ വീഴ്ച വന്നിട്ടുള്ളത് ഗൗരവമായി കാണുന്നതിനാൽ ശ്രീമതി കെ.എൽ സരസ്വതി എന്ന ജീവനക്കാരിക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു.

4. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി കെ.എൽ. സരസ്വതിയുടെ ഭാഗത്ത് നിന്നും ആരോപണവിഷയത്തിൽ വീഴ്ച വന്നിട്ടുള്ളതിനാൽ തിരുവനന്തപുരം നഗരസഭയിലെ റവന്യൂ വിഭാഗത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടിനെത്തുടർന്ന് ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതബല പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി കെ.എൽ.സരസ്വതി, യു.ഡി.ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(13.02.2019 തീയതിയിലെ VIG D1/104/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ